"ഭരണഭാഷ-മാതൃഭാഷ"

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണവകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാംനില
പബ്ലിക ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം -33

Phone : 0471 – 2324951
0471 – 2325071
Tele Fax : 0471 – 2324951
Email: celsgd@gmail.com
Website : www.celsgd.kerala.gov.in

നം. DB3/753/2013/സിഇ/എൽ.എസ്.ജി.ഡി തീയതി: 19/03/2020

# സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് – എഞ്ചിനീയറിംഗ് വിഭാഗം – 2020-2021 ലെ പദ്ധതി രൂപീകരണവും, പദ്ധതി നിർവ്വഹണവും - സംബന്ധിച്ച്

സൂചന:- 25/02/2020 ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം, ഇനം 2.3)3.2)

*****

ഒക്ടോബർ മാസത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് തിരഞ്ഞെടുപ്പ് നടക്കാൻ പോകുന്നതിനാൽ, തിരഞ്ഞെടുപ്പ് പെരുമാറ്റചട്ടം പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് തന്നെ ചുവടെ നൽകിയിട്ടുള്ള വർക്ക് കലണ്ടർ പ്രകാരം പ്രവൃത്തികൾ ഒരു കാമ്പയിൽ മാതൃകയിൽ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എഞ്ചിനീയറിംഗ് വിഭാഗത്തിലെ എല്ലാ ജീവനക്കാരും നടപടികൾ കൈക്കൊള്ളണം.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്ററിലുള്ള എല്ലാ റോഡുകളുടെയും, സ്കൂളുകളുടെയും അറ്റകുറ്റപണികൾ പൂർത്തീകരിക്കുന്നതിനുള്ള കലണ്ടർ

| ക്രമ നം. | പൂർത്തീകരിക്കുന്നതിനുള്ള അന്തിമ തീയതി | പ്രവർത്തനങ്ങൾ |
|---|---|---|
| 1 | ഏപ്രിൽ 10 നകം | വെറ്റിംഗ്&സാങ്കേതികാനുമതി |
| 2 | ഏപ്രിൽ 20 നകം | ടെണ്ടർ നടപടികൾ പൂർത്തീകരിക്കണം |
| 3 | മെയ് 15 നകം | തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ആസ്തിയിലുള്ള എല്ലാ റോഡുകളുടെയും അറ്റകുറ്റ പണികൾ പൂർത്തീകരിക്കണം |
| 4 | മെയ് 31 നകം | തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ആസ്തിയിലുള്ള എല്ലാ സ്കൂളുകളുടെയും അറ്റകുറ്റ പണികൾ പൂർത്തീകരിക്കണം |

മുകളിൽ നൽകിയിട്ടുള്ള കലണ്ടർ പ്രകാരം പ്രവൃത്തികൾ സമയബന്ധിതമായി കാമ്പയിൻ മാതൃകയിൽ നടപ്പിലാക്കുന്നതിന് ജില്ലാ പഞ്ചായത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർദ്ദേശം നൽകുകയും, ഇത് കൃത്യമായി നടപ്പിലാക്കുന്നുണ്ടെന്ന് അതാത് ഘട്ടത്തിൽ അവലോകനം നടത്തുകയും വേണം. ടി പ്രവർത്തനങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ജില്ലാതലത്തിൽ ആസൂത്രണ സമിതിയുടെ മോണിറ്ററിംഗ് ഉണ്ടാകുന്നതാണ്. കൂടാതെ ഇതിൻമേലുള്ള റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നൽകുന്നതിന് ജില്ലാ കളക്ടർമാരെ സൂചന യോഗത്തിൽ നിർദ്ദേശം നൽകിയിരിക്കുകയാണ്.

ചീഫ് എഞ്ചിനീയർ

എൻ.പി/-